പുഞ്ച കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ വിത്ത് വിതരണം

1272. [1913] ശ്രീ. തോമസ് കല്ലമ്പള്ളി :
,, ടി. എസ്. ജോൺ :
,, സി. എഫ്. തോമസ് :
,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഞ്ചകൃഷി ഇറക്കുന്നതിന് കുട്ടനാടൻ കർഷകർക്ക് വിത്ത് സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നുണ്ടോ ;

(ബി) കഴിഞ്ഞ പ്രളയക്കെടുതിയിൽ കൃഷി നശിച്ചുപോയ കർഷകർക്ക് സാമ്പത്തിക സഹായം നൽകിക്കഴിഞ്ഞോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക സഹായം നൽകാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സൗജന്യമായി നൽകിയ രാസവളങ്ങൾ

1273. [1914] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരൾച്ച കെടുതിക്ക് ആശ്വാസം പകരാൻ ഹെക്ടറിന് 100 രൂപ ക്രമത്തിൽ എത്ര ലക്ഷം രൂപയുടെ രാസവളം സൗജന്യമായി നൽകിയിട്ടുണ്ട് ;

(ബി) ഓരോ വർഷവും എത്ര രൂപയുടെ രാസവളങ്ങൾ കൊടുത്തുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വരൾച്ച ദുരിതാശ്വാസ പദ്ധതിപ്രകാരം ഹെക്ടറിന് 100 രൂപാക്രമത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 59.08 ലക്ഷം രൂപയുടെ രാസവളം സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്.

(ബി) 1983-84 സാമ്പത്തിക വർഷത്തിൽ മാത്രമേ വരൾച്ചക്കെടുതിക്ക് രാസവള സബ്സിഡി നൽകിയിട്ടുള്ളൂ. ചിലവഴിച്ച തുകയുടെ വിവരം താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്. 1983-84 ഒന്നാം വിളയ്ക്ക് 30 ലക്ഷം, രണ്ടാം വിളയ്ക്ക് 55.08 ലക്ഷം.

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ മടവൂർ പഞ്ചായത്തിലെ കേര കൃഷിക്കാർ

1274. [1915] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ മടവൂർ പഞ്ചായത്തിലെ കേര കൃഷിക്കാർക്കുവേണ്ടി കഴിഞ്ഞ മൂന്ന് വർഷങ്ങളായി വിവിധ ബാങ്കുകൾ മുഖേന എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ടെന്നും ആയതിലേയ്ക്കുവേണ്ടി എന്തു തുക ചെലവായിട്ടുണ്ടെന്നും അറിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവിടത്തെ കേര കൃഷിക്കാരെ സഹായിക്കുവാൻ എതെങ്കിലും പുതിയ പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് കേര ഉൽപ്പാദനത്തിനും വികസനത്തിനും വിപണനത്തിനും വേണ്ടിയുള്ള ഒരു പദ്ധതിക്ക് രൂപം നൽകിവരുന്നു.

(സി) അതിന്റെ വിശദാംശങ്ങൾക്ക് രൂപം നൽകിവരുന്നതേയുള്ളു.

രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങിൻ തൈ വയ്ക്കുന്ന സ്കീം

1275. [1921] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :

,, കോടിയേരി ബാലകൃഷ്ണൻ :

,, കെ. മൂസ്സക്കുട്ടി :

,, കെ. പി. അരവിന്ദാക്ഷൻ :

,, വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗബാധമൂലം ഉൽപ്പാദനം നശിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങിൻതൈ വയ്ക്കുന്ന സ്കീം നിലവിലുണ്ടോ ;

(ബി) ഈ സ്കീം അനുസരിച്ച് 1982 മുതൽ 1986 സെപ്റ്റംബർ 30 വരെ ഓരോ വർഷവും എത്ര തെങ്ങുകൾ വെട്ടിമാറ്റി ;

(സി) എത്ര തൈകൾ വീതം വച്ചുപിടിപ്പിച്ചു ;

(ഡി) ഈ പദ്ധതിക്ക് ഈ കാലയളവിൽ എന്ത് തുക വീതം ചെലവഴിച്ചു ;

(ഇ) കേര കർഷകർക്ക് ഈ ഇനത്തിൽ ഇനിയും കൊടുത്തുതീർക്കാൻ തുക ബാക്കിയുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1980-81-ൽ ആരംഭിച്ച സമഗ്ര കേര വികസന പദ്ധതി 1984-85 വരെ മാത്രമേ നടപ്പാക്കിയുള്ളു. ഈ പദ്ധതിപ്രകാരം വെട്ടിമാറ്റിയ തെങ്ങുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | വെട്ടിമാറ്റിയ തെങ്ങുകളുടെ എണ്ണം |
|---|---|
| 1981-82 | 144700 |
| 1982-83 | 69600 |
| 1983-84 | 9400 |
| 1994-85 | 1147 |

LIBRARY ARCHIVES Kerala Legislative Assembly